**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**നടപടിക്രമം, തിരുവനന്തപുരം**

---

വിഷയം:- ആവഡ- ഡോ.ഹബീബുള്ള .എം,അസിസ്റ്റന്റ് ഡെന്റൽ സർജൻ എന്നവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 749/2025 നമ്പർ കേസിന്മേലുള്ള 07/5/2025 ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1. ഉത്തരവ് നം.ഇ.ബി 4-10146/2025/ആവഡ തീയതി 28/4/2025.

2. ഡോ .ഹബീബുള്ള .എം ,അസിസ്റ്റന്റ് ഡെന്റൽ സർജൻ സമർപ്പിച്ച Annexure A6 പ്രകാരമുള്ള 29/4/2025 തീയതിയിലെ നിവേദനം.

3. OA 749/2025 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07/5/2025 ലെ ഉത്തരവ്.

**ഉത്തരവ് നം: ഇ.ബി 4-12546/2025/ആവഡ തീയതി: 25-05-2025**

---

പരാമർശം 1 പ്രകാരം അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ 2025 ലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ഈ കരട് പട്ടികയ്ക്ക് എതിരെ ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ഡോ. ഹബീബുള്ള. എം പരാമർശം 2 പ്രകാരം ആക്ഷേപം സമർപ്പിച്ചിരുന്നു. ഇതേ വിഷയത്തിൽ

ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ **OA 749/2025** ഫയൽ ചെയ്തിരുന്നു. ആയതിലെ പരാമർശം 3 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച പരാമർശം 2-ലെ ഹർജി **(Annexure A6 )** ഫൈനൽ ജനറൽ ട്രാൻസ്ഫർ ഉത്തരവിന് മുന്പ് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

**2. Annexure A6** നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്നത് .

(i). താൻ കഴിഞ്ഞ 2 വർഷമായി ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ **(Difficult Rural Area)** അസിസ്റ്റൻ്റ് ദന്തൽ സർജൻ ആയി ജോലി ചെയ്തു വരുന്നു. കഴിഞ്ഞ 6 വർഷമായി സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലക്ക് പുറത്തുള്ള ജില്ലകളിലാണ് ജോലി ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിൽ 3 വർഷത്തിലധികമായി ജോലി ചെയ്തു വരുന്നതും തുടരുന്നതുമായവരെ ഈ സ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിൽ നിലനിറുത്തിയതായി കാണുന്നു. തിരുവനന്തപുരം ജില്ലയിലെ വലിയതുറ പി എച്ച് സി യിൽ ജോലി ചെയ്തു വരുന്ന അസിസ്റ്റന്റ് ദന്തൽ സർജനെയും വിഴിഞ്ഞം സി എച്ച് സി യിൽ ജോലി ചെയ്തു വരുന്ന അസിസ്റ്റന്റ് ദന്തൽ സർജനെയും 3 വർഷം കഴിഞ്ഞിട്ടും കരട് ലിസ്റ്റ് പ്രകാരം സ്ഥലം മാറ്റം നൽകിയിട്ടില്ല. തനിക്ക് ഡിസ്ക് പ്രോലാപ്സ് കാരണം ചികിത്സവേണമെന്ന ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യുന്നു .

(ii). ആരോഗ്യവകുപ്പിൽ 2025 പൊതുസ്ഥലം മാറ്റത്തിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിലെ ഇനം 11ൽ സ്വന്തം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിനു ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ ആയവ ഒരുമിച്ചു കണക്കിലെടുക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരം താൻ സ്വന്തം ജില്ലയ്ക്ക് പുറത്ത് കാസർഗോഡ്, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ ജോലി ചെയ്തിട്ടുള്ളതിനാലും തനിക്ക് ജില്ലയ്ക്ക് പുറത്ത് 6 വർഷത്തെ സേവന ദൈർഘ്യമുള്ളതിനാലും സ്വന്തം ജില്ലയിൽ മാറ്റം ലഭിക്കാനുള്ള അർഹത ഉണ്ട്. നിലവിൽ **difficult rural area** യിലാണ് കഴിഞ്ഞ രണ്ട് വർഷമായി ജോലി ചെയ്യുന്നതെന്നതു പരിഗണിച്ച് സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് പരിഗണിക്കണം .

(iii). അതിനാൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ 2025 പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നവരെ

സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കിയത് പുനഃപരിശോധിച്ചു തന്റെ പേരുകൂടി ഉൾപ്പെടുത്തി ട്രാൻസ്ഫർ പരിഗണിക്കണമെന്നാണ് ഡോ .ഹബീബുള്ള .എം ന്റെ ആവശ്യം

3. ഡോ .ഹബീബുള്ള .എം ന്റെ വാദഗതി വിശദമായി പരിശോധിച്ചു .

(i). ഡോ .ഹബീബുള്ള .എം 27/6/2023 മുതൽ ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റൻ്റ് ദന്തൽ സർജൻ ആയി ജോലി ചെയ്തു വരുന്നു. പൊതുസ്ഥലംമാറ്റത്തിനായുള്ള GO(P) 3/2017/PARD dated 25-02-2017-നം.സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമാണ് പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കുന്നത്. എന്നാൽ മലയോര /ട്രൈബൽ സ്റ്റേഷൻ /വിദൂര സ്റ്റേഷൻ എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ 2 വർഷം സേവനം പൂർത്തിയാകുന്നവർക്ക് അവരുടെ സേവനം 3 വർഷമായി പരിഗണിക്കുന്നതാണ്. ഡോ .ഹബീബുള്ള .എം സേവനമനുഷ്ഠിക്കുന്നത് ഇടുക്കി ജില്ലയിലെ മറയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽആണ്. ആയത് Difficult Rural Area-യിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ഡോ .ഹബീബുള്ള .എം 27/6/2023 മുതൽ മാത്രമാണ് നിലവിലെ സ്റ്റേഷനിൽ സേവനമനുഷ്ഠിക്കുന്നത്. 2025 ഏപ്രിൽ 30 വരെയുള്ള സേവനം കണക്കിലെടുത്താണ് 2025 പൊതുസ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്. സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ്. എങ്കിലും പൊതുസ്ഥലംമാറ്റത്തിനായുള്ള GO(P) 3/2017/PARD dated 25-02-2017-നം.സർക്കാർ ഉത്തരവ് പ്രകാരം ഹർജിക്കാരൻ നിലവിലെ സ്റ്റേഷനിൽ 2 വർഷം പൂർത്തിയാകാത്തതിനാൽ പ്രസ്തുത വാദം പരിഗണിക്കുവാൻ നിർവാഹമില്ല.

(ii). തിരുവനന്തപുരം ജില്ലയിൽ 3 വർഷത്തിലധികമായി ജോലി ചെയ്തു വരുന്നതും തുടരുന്നതുമായവരെ ഈ സ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിൽ നിലനിറുത്തിയതായി കാണുന്നു എന്നും തിരുവനന്തപുരം ജില്ലയിലെ വലിയതുറ പി എച്ച് സി യിൽ ജോലിചെയ്തു വരുന്ന അസിസ്റ്റന്റ് ദന്തൽ സർജനെയും വിഴിഞ്ഞം സി എച്ച് സി യിൽ ജോലി ചെയ്തു വരുന്ന അസിസ്റ്റന്റ് ദന്തൽ സർജനെയും 3 വർഷം കഴിഞ്ഞിട്ടും കരട് ലിസ്റ്റ് പ്രകാരം സ്ഥലം മാറ്റം നൽകിയിട്ടില്ല എന്നും എന്ന് ഹർജിക്കാരൻ ആരോപിച്ചിരിക്കുന്നു . വലിയതുറ പി എച്ച് സി യിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ .ദീപ .ഡി .എസ് പത്തനംതിട്ട ജില്ലയിൽ നിന്നും 17/5/2022 മുതലാണ് നിലവിലെ സ്റ്റേഷനിൽ ജോലി ചെയ്തുവരുന്നത് . ആയതിനാൽ ടി മെഡിക്കൽ ഓഫീസറെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ 2025 പൊതുസ്ഥലമാറ്റത്തിൽ സ്ഥലമാറ്റം

നല്കാൻ നിർവാഹമില്ല . വിഴിഞ്ഞം സി എച്ച് സി യിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ .കീർത്തിചന്ദ് 16/5/2022 മുതലാണ് നിലവിലെ സ്റ്റേഷനിൽ ജോലി ചെയ്തു വരുന്നത് . നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകാത്തതിനാൽ ടി മെഡിക്കൽ ഓഫീസറെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ 2025 പൊതുസ്ഥലമാറ്റത്തിൽ സ്ഥലമാറ്റം നല്കാൻ നിർവാഹമില്ല .

(iii). ഡിസ്ക് പ്രോലാപ്സ് പൊതുസ്ഥലംമാറ്റത്തിനായുള്ള GO(P) 3/2017/PARD dated 25-02-2017-നം .സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണക്രമത്തിൽ പ്പെടുന്നതല്ല.

4. മേൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പരാമർശം 2 പ്രകാരമുള്ള ഹർജിലെ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

5.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരുന്നു.

Signed by
Reena K J
Date: 25-05-2025 19:08:56
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ .ഹബീബുള്ള .എം ,അസിസ്റ്റന്റ് ഡെന്റൽ സർജൻ , മറയൂർ സാമൂഹികാരോഗ്യ കേന്ദ്രം ,ഇടുക്കി

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ),ഇടുക്കി